സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

March 2025
Vol. 1 Issue 3 pages 15-17

പാലൈ
PALAI பாலை
ISSN No: 3049-0316

# സത്യൻ അന്തിക്കാടിന്റെ ഗാനപ്രപഞ്ചം



സൗമ്യ ജോസ്

**സംഗ്രഹം**

മലയാള ചലച്ചിത്രഗാനരംഗത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ഗാനരചയിതാവാണ് സത്യൻ അന്തിക്കാട്. 1975 കളിൽ ഗാനരചന നടത്തിക്കൊണ്ടാണ് അദ്ദേഹം മലയാള ചലച്ചിത്ര ഗാനലോകത്തേക്ക് പ്രവേശിക്കുന്നത്. ഇദ്ദേഹത്തിന്റെ ഗാനങ്ങൾ ഭാവതീവ്രവും ലളിതബിംബകൽപ്പനകളാൽ സമ്പന്നവുമായിരുന്നു. തന്റേതായ ഒരു ശൈലിയിലൂടെ അത്യന്തം സൂക്ഷ്മവും ലളിതവുമായ രചനാചാതുരിയാൽ ഇദ്ദേഹം ചലച്ചിത്രഗാനരംഗത്ത് സ്ഥാനം ഉറപ്പിച്ചു. ഗാനങ്ങളിൽ ഇമേജുകൾ കൊണ്ട് വിസ്തൃതമായ അർത്ഥതലങ്ങൾ സൃഷ്ടിക്കുന്നതിന് അസാധാരണമായ ഒരു കഴിവ് സത്യൻ അന്തിക്കാടിനുണ്ടായിരുന്നു. ഒരു സ്വപ്നലോകം സൃഷ്ടിച്ച് നിമിഷങ്ങൾക്കുള്ളിൽ എരിഞ്ഞുതീരുന്ന ഒരു നിലാത്തിരിയുടെ സ്ഥാനമേ യഥാർത്ഥത്തിൽ സിനിമാഗാനങ്ങൾക്ക് കല്പിക്കപ്പെട്ടിട്ടുള്ളൂ. എന്നാൽ സത്യൻ അന്തിക്കാടിൽ നിന്ന് നമുക്ക് ലഭിച്ചത് അത്തരം ഗാനങ്ങളല്ല. കവിതയുടെ നൈസർഗ്ഗിക പരിമളമുള്ള ഒന്നാന്തരം ഭാവഗീതങ്ങളാണ്.

**താക്കോൽ വാക്കുകൾ:** ഗാനം - ചലച്ചിത്രം - ഗാനപ്രപഞ്ചം - ഭാവതീവ്രത - ഗാനരചയിതാവ്

ഉത്തമകവിത എന്നപോലെ ഉത്തമഗാനങ്ങളും സർഗ്ഗാത്മകപ്രതിഭയുടെ സന്താനമാണ്. എന്നാൽ ഇവയ്ക്കു തമ്മിൽ സാരമായ വ്യത്യാസങ്ങൾ ഇല്ലെന്നില്ല. അവയിൽ പ്രധാനപ്പെട്ട ഒന്ന് ഗാനങ്ങളിൽ സംഗീതാംശം ഏറിയിരിക്കും എന്നതാണ്. കവിത അർത്ഥത്തിന്റെയും സംഗീതം ശബ്ദത്തിന്റെയും കലയാകുന്നു.

മനുഷ്യന്റെ ഉപബോധമനസ്സുമായി ഏറ്റവും അടുത്തുനിൽക്കുന്ന കല സംഗീതമാണ്. നിരക്ഷരനും പാമരനും ഒന്നുപോലെ ഈ കല ആസ്വദിക്കുന്നു. സംഗീതമെന്ന ഈ കലയ്ക്ക് ചലച്ചിത്രം നൽകിയ മൂർത്തമായ രൂപമാണ് ചലച്ചിത്രഗാനം. സിനിമയിൽ ഗാനത്തെ ഗാനരൂപത്തിലുള്ള സംഭാഷണമായിട്ടാണ് പരിഗണിച്ചത്. ഗാനാവതരണങ്ങൾ മലയാളസിനിമയിൽ സുപ്രധാനമായ പങ്കാണ് വഹിച്ചത്. സിനിമയെ ജനപ്രിയമാക്കുന്നതിൽ ഗാനങ്ങൾ ഏറെ നിർണായകമായി. വയലാർ,

* അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം, സെന്റ് തോമസ് കോളേജ് പാലാ ഓട്ടോണമസ്

 ISSN No: 3049-0316 

ഒ.എൻ.വി, പി. ഭാസ്കരൻ, ശ്രീകുമാരൻ തമ്പി തുടങ്ങിയ പ്രതിഭാധനരായ ഗാനരചയിതാക്കളിലൂടെ മലയാള ചലച്ചിത്രഗാനലോകം ഏറെ ധന്യമാക്കപ്പെട്ട ഒരു കാലം ഉണ്ടായിരുന്നു. അക്കാലത്താണ് ഡോ. ബാലകൃഷ്ണൻ എന്ന ചലച്ചിത്ര സംവിധായകൻ തന്റെ അസി. ഡയറക്ടറായ സത്യൻ അന്തിക്കാട് എന്ന എഴുത്തുകാരൻ പയ്യനോട് 'ലൗലെറ്റർ' എന്ന ചിത്രത്തിനുവേണ്ടി പാട്ട് എഴുതാൻ ആവശ്യപ്പെടുന്നത്. കെ. ജെ. ജോയിയുടെ ഗാനസംവിധാനത്തിൽ 'സ്വർണ്ണമാലകൾ വിണ്ണിൽ വിതറും സ്വപ്നലോലയാം സായാഹ്നമേ' എന്നു തുടങ്ങുന്ന ഗാനം അമ്പിളി പാടിയവതരിപ്പിച്ചപ്പോൾ മലയാളചലച്ചിത്രവേദിക്ക് കിട്ടിയത് മറ്റൊരു പ്രതിഭാധനനായ ഗാനരചയിതാവിനെയായിരുന്നു. ഈ ചിത്രത്തിലെ 'ദുഃഖിപ്പോരെ' എന്നു തുടങ്ങുന്ന മറ്റൊരു ഗാനവും ഇദ്ദേഹംതന്നെയാണ് എഴുതിയത്. പിന്നീട് ഡോ. ബാലകൃഷ്ണൻ നിർമ്മാതാവായി ജേസി സംവിധാനം ചെയ്ത 'സിന്ദൂരം' എന്ന ചിത്രത്തിനും സത്യൻ അന്തിക്കാട് പാട്ട് എഴുതി.

"ഒരു നിമിഷം തരൂ നിന്നിലലിയാൻ
ഒരു യുഗം തരൂ നിന്നെ അറിയാൻ"

എന്ന ഗാനത്തിലൂടെയായിരുന്നു സത്യൻ അന്തിക്കാട് മലയാള ചലച്ചിത്രഗാനരചനാലോകത്തേക്ക് ശ്രദ്ധേയനായത്. പിന്നീട് സത്യൻ അന്തിക്കാട് തന്നെ അസിസ്റ്റന്റ് ഡയറക്ടറായ 'സരിത'യ്ക്കുവേണ്ടി എല്ലാ ഗാനങ്ങളും എഴുതി.

1. 'മഴതുള്ളിത്തുള്ളിത്തുള്ളി നൃത്തമാടിവരും'
2. 'ഓർമ്മയുണ്ടോ ദ്വാദശിനാളിൽ'
3. 'പൂവെയിൽ മയങ്ങും പൊന്നുഷസിൻ മടിയിൽ'

എന്നീ ഹിറ്റ് ഗാനങ്ങളുടെ രചനയിലൂടെ അന്തിക്കാട് ചലച്ചിത്രഗാനരചനാരംഗത്ത് സജീവമായി.

ഏറെ മധുരമായ ഗാനങ്ങൾ സമ്മാനിച്ച സത്യൻ അന്തിക്കാട്-ശ്യാം കൂട്ടുകെട്ടിന്റെ ആദ്യ ചിത്രമായിരുന്നു 'സരിത'.

1978-ലെ സത്യന്റെ ഹിറ്റ് ഗാനങ്ങളായിരുന്നു 'ആരും അന്യരല്ല' എന്ന ചിത്രത്തിലേത്. ഈ ചിത്രത്തിൽ സത്യൻ അന്തിക്കാട് – എം. കെ. അർജ്ജുനൻ കൂട്ടുകെട്ടിൽ പിറന്നവയായിരുന്നു

1. 'മോഹം മുഖപടമണിഞ്ഞു'
2. 'തുളസി പൂക്കും കാട്ടിലെ'

എന്നീ ഗാനങ്ങൾ. ഈ ഗാനങ്ങൾ മലയാളിയുടെ മനസ്സിൽ ഇന്നും മായാതെ നിൽക്കുന്നു.

മലയാള ചലച്ചിത്ര സംഗീതലോകത്ത് പുതിയൊരു സംഗീതയുഗം തന്നെ സൃഷ്ടിച്ച രവീന്ദ്രൻ ആദ്യമായി സംഗീതം നിർവ്വഹിച്ചത്. സത്യൻ അന്തിക്കാടിന്റെ ഗാനത്തിനാണ്. 'ചൂള്' എന്ന ചിത്രത്തിനുവേണ്ടി സത്യൻ അന്തിക്കാട് ഗാനരചന നടത്തിയ 'താരകേ മിഴിയിതളിൽ കണ്ണീരുമായ്' എന്ന ഗാനത്തിന് സംഗീതം നൽകിക്കൊണ്ടാണ് രവീന്ദ്രൻ കടന്നുവരുന്നത്. 'ചൂള'യിലെ മറ്റു ഗാനങ്ങളിൽ നിന്ന് ഈ ഗാനം ഏറെ വ്യത്യസ്തമായിരുന്നു. ആ ഗാനം ഹിറ്റുമായി. 'തമസ്സിന്റെ മേടയ്ക്കുള്ളിൽ വിതുമ്പുന്ന ഒരോർമ്മപോലെ', 'നിൻ പുഞ്ചിരി അജ്ഞാതമേതോ രാഗം' എന്നുമൊക്കെയുള്ള സങ്കല്പനങ്ങൾ സത്യൻ അന്തിക്കാടിനെ ശ്രദ്ധേയനാക്കി.

'നീയോ ഞാനോ' എന്ന ചിത്രം ഹിറ്റാകാൻ ഒരു കാരണം അതിലെ ഗാനങ്ങളായിരുന്നു. അന്തിക്കാട്-ശ്യാം കൂട്ടുകെട്ടിലാണ് ഇതിലെ ഗാനങ്ങൾ പിറന്നത്. 'അധികാരം' എന്ന ചിത്രത്തിൽ എ.ടി. ഉമ്മറിന്റെ സംഗീതത്തിൽ

"താളം തുള്ളും താരുണ്യമോ
അനുരാഗ ദേവി നിൻ സൗന്ദര്യമോ"

ISSN No: 3049-0316

എന്ന ഗാനം 80-കളിലെ അന്തിക്കാടിന്റെ മികച്ച ഗാനങ്ങളിൽ ഒന്നാണ്. 1981-ലെ അന്തിക്കാടിന്റെ ഹിറ്റു ഗാനങ്ങളാണ്.

1. 'വെൺമുകിൽ പീലി ചൂടി തെന്നലിൻ താളമായ്' (ചിത്രം – സംഭവം – സംഗീതം – ദക്ഷിണാമൂർത്തി)
2. 'വനമാല ചൂടി മദിരോൽസവത്തിന് പ്രകൃതി ഒരുങ്ങുന്ന നേരം' (ചിത്രം – ധ്രുവസംഗമം, സംഗീതം – രവീന്ദ്രൻ)
3. 'തടവറ' എന്ന ചിത്രത്തിലെ ഗാനങ്ങൾ

സത്യൻ അന്തിക്കാട് ആദ്യമായി സംവിധാനം ചെയ്ത 'കുറുക്കന്റെ കല്യാണം' എന്ന ചിത്രത്തിലൂടെ സീറോ ബാബുവിനെ അന്തിക്കാട് സംഗീതസംവിധായകനാക്കി.

തുടർന്ന് 'ഞാൻ ഏകനാണ്' എന്ന ചിത്രത്തിനുവേണ്ടി ഇദ്ദേഹം എഴുതിയ ഗാനങ്ങൾ സൂപ്പർഹിറ്റുകളായിരുന്നു. എം.ജി. രാധാകൃഷ്ണൻ കൂട്ടുകെട്ടിലാണ് ആ ഗാനങ്ങൾ ചിട്ടപ്പെടുത്തിയത്.

1. 'രജനീ പറയൂ'
2. 'ഓ മൃദുലേ ഹൃദയമുരളിയിലൊഴുകിവാ'

ഇദ്ദേഹത്തിന്റെ തന്നെ ചിത്രമായ 'കളിയിൽ അല്പം കാര്യം' എന്ന ചിത്രത്തിലെ 'മനതാരിൽ എന്നും പൊൻകിനാവും' എന്ന ഗാനം ചലച്ചിത്രഗാനലോകത്ത് ഒരു ചലനം തന്നെ സൃഷ്ടിച്ചു. 1987-ലെ 'അഭിമന്യു' എന്ന ചിത്രത്തിനുശേഷം ഇദ്ദേഹം തീർത്തും സംവിധായകനായി മാറി. പിന്നീട് ഏറെ നാളുകൾക്കുശേഷം 'ഉവൽക്കൊട്ടാരം' എന്ന ചിത്രത്തിനുവേണ്ടിയാണ് ഗാനരചയിതാവിന്റെ കുപ്പായം അണിഞ്ഞത്.

'തങ്ക നൂപുരമോ ഒഴുകും മന്ത്രമധുമൊഴിയെ' എന്ന ജോൺസൺ സംഗീതം നൽകിയ ഗാനം ഹിറ്റായി. അതിനുശേഷം 'വീണ്ടും ചില വീട്ടുകാര്യങ്ങൾ' എന്ന ചിത്രത്തിനുവേണ്ടി 'വിശ്വം കാക്കുന്ന നാഥാ' എന്ന ഗാനവും അന്തിക്കാട് എഴുതി.

1975-ൽ 'ലൗ ലെറ്ററിൽ' തുടങ്ങി 'വീണ്ടും ചില വീട്ടുകാര്യങ്ങൾ' വരെ സത്യൻ അന്തിക്കാടിന്റെ ഗാനരനയിലൂടെ ഒട്ടേറെ ഹിറ്റ് ഗാനങ്ങൾ മലയാള ചലച്ചിത്രഗാനശാഖയ്ക്കു ലഭിച്ചു. ഇദ്ദേഹം സംവിധായക കുപ്പായം അണിഞ്ഞതോടെ നല്ലൊരു ഗാനരചയിതാവിനെയാണ് മലയാള ചലച്ചിത്രഗാനലോകത്ത് നഷ്ടമായത്. എങ്കിലും സംവിധാനരംഗത്തും ചലച്ചിത്രഗാനരചനാരംഗത്തും തിളങ്ങുന്നവർ ചുരുക്കമാണ്. അക്കൂട്ടത്തിൽ ഏറെ ശ്രേഷ്ഠനാണ് സത്യൻ അന്തിക്കാട്.

## ഗ്രന്ഥസൂചി

1. പ്രതാപൻ തായാട്ട് (എഡി.). സാംസ്കാരിക വികാരം മാസിക.
2. ശങ്കരനാരായണൻ. ഡോ. ചന്ദ്രക. വയലാർ. ഋതുഭേദങ്ങൾ വർണ്ണം പകർന്ന കവി. ഡി.സി.ബുക്സ്. കോട്ടയം.
3. ശ്രീകാന്ത് കോട്ടയ്ക്കൽ. ഒരു അന്തിക്കാട്ടു ലോകങ്ങൾ. ഒലിവ് ബുക്സ്.